## കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വസ്തുതാന്വേഷണ സമിതികളും ജനകീയ കമ്മീഷനുകളും സംഘടിപ്പിക്കുന്നതിനായി മുന്നോട്ടുവയ്ക്കുന്ന കരട് രേഖ

കഴിഞ്ഞ 6 മാസക്കാലമായി കോവിഡ് മഹാമാരി ഇന്ത്യയിൽ വലിയ തോതിൽ പടർന്നു പിടിക്കുകയാണ്. ഈ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ ഒരുപാട് മനുഷ്യർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. എന്നാൽ എങ്ങിനെയാണ് എന്തുകൊണ്ടാണ് ഇത്രയും ജീവനുകൾ നമ്മുക്ക് നഷ്ടമായത് എന്നതിനെക്കുറിച്ച് ആധികാരികമായ യാതൊരുവിധ അന്വേഷണങ്ങളും ചർച്ചകളും രാജ്യത്ത് നടക്കുന്നില്ല. എന്നാൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി ഡോ ഭാരതി പ്രവീൺ പവാര് അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ പറയുന്നത് സംസ്ഥാനങ്ങളിൽ ഓക്സിജൻ ക്ഷാമം കൊണ്ട് ഒരാൾ പോലും മരിച്ചതായി റിപ്പോർട്ട് ചെയ്യപെട്ടിട്ടില്ല എന്നാണ്. യഥാർത്ഥത്തിൽ കോവിഡ് കേസുകൾ നിയന്ത്രണ വരുതിയിലാക്കാൻ സംസ്ഥാന സർക്കാരുകൾ പാട് പെടുകയാണ്. പൊതുമേഖലയിലുള്ള വാക്സിൻ ദൗർലഭ്യം മൂലം രാജ്യത്തുടനീളം വാക്സിനേഷൻ നിരക്ക് വളരെ കുറവാണ്. രാജ്യം മുഴുവൻ കോവിഡ് മഹാമാരിയുടെ മൂന്നാം തരംഗമുണ്ടാക്കിയ സാമ്പത്തിക നഷ്ടമടക്കമുള്ള പ്രതിസന്ധികളിൽ ഭയചകിതരാണ്. സർക്കാർ കോവിഡ് മഹാമാരികൊണ്ടു ജനങ്ങൾക്കും രാജ്യത്തിനുമുണ്ടായ നികത്താനാവാത്ത നഷ്ടങ്ങളെ അല്ലെങ്കിൽ മറ്റൊരു തരത്തിൽ തന്നെ പറഞ്ഞാൽ അവരുടെ ഭരണ പരാജയത്തെ അഭിസംബോധന ചെയ്യാതെ മുന്നോട്ടു പോകുന്ന നിർഭാഗ്യകരമായ അപകടകരമായ അവസ്ഥയിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. ചുരുക്കത്തിൽ കോവിഡ് മഹാമാരിയെ ഏറ്റവും നന്നായി പ്രതിരോധിച്ച സർക്കാർ എന്ന നിലയിൽ അവർ തന്നെ പുറത്തിറക്കുന്ന പരസ്യങ്ങൾ മാത്രമാണ് കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട അവരുടെ പ്രധാന സംഭാവന എന്ന് തന്നെ പറയേണ്ടി വരും.

യഥാർത്ഥത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണ നിയമം, പകർച്ചവ്യാധി രോഗ നിയന്ത്രണ നിയമം, അവശ്യ സേവന പരിപാലന നിയമം തുടങ്ങിയ ക്രൂരമായ ജനവിരുദ്ധ നിയമങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തത്. യാതൊരു മുന്നറിയിപ്പും നൽകാതെ സർക്കാർ നടപ്പിലാക്കിയ ലോക്കഡൌൺ നിയന്ത്രണങ്ങൾ ദശലക്ഷക്കണക്കിനു വരുന്ന തൊഴിലാളികളുടെയും പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെയും ജീവിതങ്ങളും ജീവസന്ധാരണ മാർഗ്ഗങ്ങളും ക്രൂരമായി തകർത്തെറിഞ്ഞിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ ലോക്ക്ഡൗണുകളുടെ യഥാർത്ഥ ഇരകളായ രാജ്യത്തെ ദളിത് ആദിവാസി പിന്നോക്ക സമൂഹങ്ങളിൽ നിന്നുള്ള അന്യസംസ്ഥാന തൊഴിലാളികളെയും അസംഘടിത മേഖല തൊഴിലാളികളെയും പ്രധാനമന്ത്രിയുടെ കല്യാണ് യോജന (ആദ്യത്തെ കോവിഡ് റിലീഫ് പാക്കേജ്), രണ്ടാമത്തെ ഉത്തേജക പാക്കേജ് എന്നിവയിൽ നിന്നും ഒഴിവാക്കി. ഇതുകൂടാതെ സിഎഎ–എൻ ആർ സി വിരുദ്ധ പ്രസ്ഥാനങ്ങൾ പോലുള്ള പ്രതിഷേധങ്ങൾ, വിദ്യാർത്ഥികളുടെയും കർഷകരുടെയും ചരിത്രപരമായ ഇടപെടലുകളും പ്രക്ഷോഭങ്ങളും അടക്കമുള്ള സർക്കാരിനെതിരായ ജനാധിപത്യപരമായ മുഴുവൻ പ്രതിഷേധങ്ങളെയും അടിച്ചമർത്താനുള്ള, പൗരാവകാശ പ്രവർത്തകരെയും പത്രപ്രവർത്തകരെയും തടവിലാക്കാനുമുള്ള ഒരു അവസരമാക്കികൂടി സർക്കാർ ഈ മഹാമാരിയെ ഉപയോഗിച്ചു.

കോവിഡ് മഹാമാരിയുടെ പിടിയിൽ നിന്ന് നിരവധി ജീവനുകൾ രക്ഷിക്കുന്നതിൽ ഇന്ത്യ വിജയിച്ചുവെന്നും മനുഷ്യരാശിയെ ഒരു വലിയ ദുരന്തത്തിൽ നിന്നും രക്ഷിക്കാൻ അതുകാരണമായെന്നുമാണ് ബഹു. പ്രധാനമന്ത്രി നരേന്ദ്ര മോഡി 2021 ജനുവരിയില് ദാവോസില് നടന്ന ലോക സാമ്പത്തിക ഫോറത്തില് പറഞ്ഞത്. ഇന്ത്യയുടെ പ്രശ്നങ്ങൾ മാത്രമല്ല മറ്റു രാജ്യങ്ങളിലെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രതിസന്ധികളിൽ അവരെ സഹായിക്കാനും ഇന്ത്യക്ക് കഴിഞ്ഞു എന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ചുരുക്കത്തിൽ കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ അവസാന പാദത്തിൽ നിൽക്കുമ്പോൾ തന്നെ ഇന്ത്യ കോവിഡിനെതിരായ വിജയം പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു. എന്നാൽ ലോക പ്രശസ്ത വാർത്ത ഏജൻസിയായ റോയ്റ്റിയേഴ്സിന്റെ റിപ്പോർട്ട് പ്രകാരം 2021 സെപ്റ്റംബര് 13 വരെ ഇന്ത്യയില് 3,32,64,175 അണുബാധകളും 4,42,874 കോവിഡ് മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഈ റിപ്പോർട്ടുകളെ സാധൂകരിക്കും വിധം വിവരങ്ങളും മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാർ ഇതെല്ലാം നിഷേധിക്കുകയാണുണ്ടായത്. കോവിഡിനെതിരായ യുദ്ധം" ജയിച്ചു എന്ന വ്യാജ പ്രചരണം നടത്തുകയും, കൃത്യമായ മെഡിക്കൽ പ്രോട്ടോകോളുകൾ നടപ്പിലാക്കാതിരിക്കുകയും, കോവിടിന്റെ രണ്ടാം തരംഗത്തിന് വേണ്ടത്ര തയ്യാറാകാതിരിക്കുകയും, സ്വകാര്യ ആശുപത്രികൾക്ക് കൊള്ളലാഭം നേടുന്നതിനായുള്ള വഴികൾ ഒരുക്കുകയും ചെയ്യുക വഴി കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു തരത്തിലുള്ള നീതിയും ഈ വിഷയത്തിൽ ലഭിക്കാൻ സാധ്യതയില്ലെന്ന് നിഗമനത്തിൽ ജനങ്ങൾ എത്തിചേർന്നിരിക്കുകയാണ്.

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ അന്തസ്സോടെയുള്ള മരണാന്തര ചടങ്ങുകൾ പോലും നൽകാൻ കഴിയാതെ മരണപ്പെട്ടവർ വെറും അക്കങ്ങളിൽ മാത്രം ഒതുങ്ങുന്ന കാഴ്ചയാണ് ദിനം പ്രതി നാം കാണുന്നത്. ഇത് യാതൊരു തരത്തിലും അംഗീകരിക്കാനാവില്ല. ഗംഗയിൽ ഒഴുകി നടന്ന ചിതകളിൽ കത്തിത്തീർന്ന ശരീരങ്ങൾക്കും ആരാണ് ഉത്തരവാദി? ആശുപത്രികൾക്ക് മുന്നിലെ ആംബുലൻസുകളുടെ നീണ്ട നിരകൾക്കും ശ്വാസ വായുവിന് വേണ്ടിയുള്ള മനുഷ്യരുടെ രോദനങ്ങൾക്കും ആരാണുത്തരവാദി? ദശലക്ഷക്കണക്കിന് ആളുകളെ ദാരിദ്ര്യത്തിലേക്ക് വലിച്ചെറിയപ്പെട്ടതിന് അനേകം ബാല്യങ്ങളെ അനാഥരാക്കിയതിന് നദീ തീരങ്ങളിലെ അസംഖ്യം പേരില്ലാത്ത ചിതകൾക്ക് ആരാണുത്തരവാദി? പ്രധാനമന്ത്രിക്ക് നന്ദി പറഞ്ഞുകൊണ്ടുള്ള പരസ്യ ബോർഡുകളിലൂടെ, രാഷ്ട്രീയ ഗിമ്മിക്കുകളിലൂടെ ഇക്കഴിഞ്ഞ 60 ദിവസങ്ങൾക്കുള്ളിൽ നടന്ന 4 ലക്ഷം പേരുടെ മരണങ്ങൾ അനായാസം മായ്ച്ചുകളഞ്ഞുകൊണ്ടു ഇതിനുത്തരവാദികളായവർ രക്ഷപ്പെടുന്നില്ല എന്ന് നാം ഉറപ്പു വരുത്തേണ്ടതുണ്ട്. മനുഷ്യരാശിക്കെതിരെ നടന്ന സംഘടിതമായ ഒരു കുറ്റകൃത്യം എന്ന നിലയിൽ സർക്കാരുകളും അനുബന്ധ സ്ഥാപനങ്ങളും ഈ വിഷയത്തിൽ മറുപടി പറഞ്ഞേ മതിയാവൂ. മഹാമാരിക്കാലത്തെ ദുരിത പൂർണ്ണമായ സാമൂഹിക രാഷ്ട്രീയ ചരിത്രം ആവർത്തിക്കാതിരിക്കാൻ ജനങ്ങൾ നേരിട്ട മുഴുവൻ ദുരിതങ്ങളും പ്രതിസന്ധികളും മനസ്സിലാക്കി കൂട്ടായ പ്രതിരോധം തീർക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ മുന്നിൽകണ്ട് കൊണ്ട് 2021 ആഗസ്റ്റ് ഒന്നിന് അഖിലേന്ത്യാ തലത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ജനകീയ വസ്തുതാന്വേഷണ സമിതികളും കമ്മീഷനുകളും സംഘടിപ്പിക്കുവാൻ തീരുമാനിച്ച വിവരം അറിയിക്കട്ടെ. പ്രധാനമായും ഇത്തരമൊരു അടിയന്തിര സാഹചര്യത്തിൽ സർക്കാരുകളുടെയും സ്വകാര്യ മേഖലയുടെയും

ഉത്തരവാദിത്വങ്ങളെക്കുറിച്ചു സംസാരിക്കുന്നതിനും അവരുടെ നിരുത്തരവാദപരമായ സമീപനങ്ങളെക്കുറിച്ചു ജനകീയമായ രീതിയിൽ വസ്തുതാപരമായ അന്വേഷണങ്ങൾ നടത്തി ചോദ്യം ചെയ്യാനുള്ള ജനങ്ങളുടെ അവകാശങ്ങളെ ശാക്തീകരിക്കുന്നതിനും വേണ്ടിയാണ് ഈ പ്രക്രിയ ഞങ്ങൾ മുന്നോട്ടു വയ്ക്കുന്നത്.

**പ്രക്രിയയുടെ അടിസ്ഥാന ആശയവും കരട് രേഖയും**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ നടപ്പിലാക്കിയ ലോക്കഡോൺ പോലുള്ള നിയന്ത്രണങ്ങൾ ആരോഗ്യ വിദ്യാഭ്യാസ സാമ്പത്തിക തൊഴിൽ മേഖലയിൽ അടക്കം നടന്ന ആഘാതങ്ങളും അത് ദളിത് ആദിവാസി പിന്നോക്ക വിഭാഗങ്ങളിലുള്ള പാർശ്വവത്കൃതരായ മനുഷ്യരിൽ ഉണ്ടാക്കിയ വിവിധ തരത്തിലുള്ള പ്രതിസന്ധികളും ആഴത്തിൽ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുക എന്നതാണ് ഈയൊരു ജനകീയ പ്രക്രിയയുടെ പരമ പ്രധാനമായ ലക്ഷ്യം. അശാസ്ത്രീയവും നിരുത്തരവാദപരവുമായ നയങ്ങൾ നടപ്പിലാക്കുക വഴി മേൽപ്പറഞ്ഞ മനുഷ്യർക്കും സമൂഹങ്ങൾക്കുമുണ്ടായ തൊഴിൽ നഷ്ടങ്ങളെക്കുറിച്ചും മനുഷ്യവിരുദ്ധമായ വിവേചനങ്ങളെക്കുറിച്ചും പുറത്താക്കലുകളെക്കുറിച്ചും മറ്റു പ്രശ്നങ്ങളെക്കുറിച്ചും വിശദമായി അന്വേഷിക്കുക എന്നതും ഈയൊരു പ്രക്രിയ ലക്ഷ്യം വയ്ക്കുന്നു.

വളരെ സൂക്ഷ്മ തലത്തിലുള്ള ശ്രദ്ധ നൽകേണ്ട ഒരു ആരോഗ്യ അടിയന്തിരാവസ്ഥ എന്ന നിലയിൽ സർക്കാരിന്റെ ഭാഗത്തു നിന്ന് ഇതുവരെ ഗൗരവതരമായ യാതൊരു വിധ അന്വേഷണങ്ങളും നടന്നിട്ടില്ല. ജന ജീവിതത്തിന്റെ സർവ്വ തലങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള ഒരു അന്വേഷണം തന്നെയാണ് ഈ ജനകീയ കമ്മീഷന്റെ ഉദ്ദ്യേശ്യം. അതുകൊണ്ടു തന്നെ വളരെ വ്യത്യസ്തമായ സമീപനങ്ങളും രീതിശാസ്ത്രങ്ങളുമാണ് ഈയൊരു അന്വേഷണവുമായി ബന്ധപ്പെട്ടു നമ്മൾ ആലോചിക്കുന്നത്. അതിനാൽ സംസ്ഥാന തലത്തിൽ നിന്നുള്ള പ്രതികരണങ്ങളും വിവരങ്ങളും ജനകീയ കമ്മീഷൻ കൈകാര്യം ചെയ്യുകയും മഹാമാരിയുമായി ബന്ധപ്പെട്ടു പാർശ്വവത്കൃതരായ മനുഷ്യർ അനുഭവിച്ച പ്രശ്നങ്ങളും പ്രതിസന്ധികളും അടങ്ങുന്ന അനുഭവ സാക്ഷ്യങ്ങൾ വസ്തുതാന്വേഷണ സമിതികൾ കൈകാര്യം ചെയ്യുകയും ചെയ്യാം എന്നാണ് പ്രാഥമികമായി നമ്മൾ തീരുമാനിച്ചിരിക്കുന്നത്.

**വസ്തുതാന്വേഷണ സമിതി**

"ജനങ്ങൾ ജനങ്ങളാൽ ജനങ്ങൾക്ക് വേണ്ടി" എന്ന വളരെ പ്രധാനപ്പെട്ട രാഷ്ട്രീയ ആശയത്തിൽ നിന്നാണ് ഈ സമിതി രൂപമെടുക്കുന്നത്. വാർഡുകൾ, പഞ്ചായത്തുകൾ, നഗരങ്ങൾ, ഗ്രാമങ്ങൾ, ജില്ലകൾ തുടങ്ങി വിവിധ മേഖലകളിൽ ജനകീയ പങ്കാളിത്തത്തോടെ വസ്തുതാന്വേഷണ സമിതികൾ രൂപവൽക്കരിച്ചു പ്രവർത്തനങ്ങൾ നടത്താനാണ് നമ്മൾ ആലോചിക്കുന്നത്. ഈ വസ്തുതാന്വേഷണ സമിതികൾ അവർ തിരഞ്ഞെടുക്കുന്ന ഓരോ പ്രദേശങ്ങളിൽ കോവിഡുമായി ബന്ധപ്പെട്ടു നടന്ന വിവിധ പ്രശ്നങ്ങൾ അന്വേഷിക്കുകയും ജനങ്ങളിൽ നിന്നുള്ള പ്രതികരണങ്ങൾ, പരാതികൾ എന്നിവ ശേഖരിക്കുകയും അതിനെക്കുറിച്ചു വിശദമായി അന്വേഷിക്കുകയും ചെയ്യും. കോവിഡ് കാലത്ത്

സർക്കാരിന്റെ ഭാഗത്തു നിന്നും, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും , പോലീസിന്റെ ഭാഗത്തു നിന്നും, ആരോഗ്യ പ്രവർത്തകരുടെ ഭാഗത്തുനിന്നും, കോടതികളുടെ ഭാഗത്തു നിന്നും, മാധ്യമങ്ങളുടെ ഭാഗത്തു നിന്നും ഒക്കെ ഉണ്ടായ മനുഷ്യാവകാശ ലംഘനങ്ങൾ, നീതി നിഷേധങ്ങൾ, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ജനങ്ങൾ നേരിട്ട ഏതു പ്രശ്നങ്ങളും ഈ കമ്മിറ്റിക്ക് അന്വേഷണം നടത്താം. താഴെത്തട്ടിലുള്ള ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ മനസ്സിലാക്കാനും അവരുടെ ശബ്ദങ്ങളെയും പ്രതിരോധനകളെയും കൂടുതൽ ശാക്തീകരിക്കാനും ഈ പ്രക്രിയ സഹായിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. സർക്കാരുകൾ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട് എന്ന് വിശ്വസിക്കുന്ന ഏതൊരാൾക്കും ഈയൊരു പ്രക്രിയയുടെ ഭാഗമാവാം.

**ജനകീയ കമ്മീഷൻ**

വസ്തുതാന്വേഷണ സമിതികളും സിവിൽ സൊസൈറ്റി ഗ്രൂപ്പുകളും നിർദ്ദേശിക്കുന്ന വിദഗ്ധരുടെ സമിതിയാണ് ജനകീയ കമ്മീഷൻ. ഡോക്ടർമാർ, നിയമജ്ഞർ, അക്കാദമിക വിദഗ്ദർ, ഗവേഷകർ, സാമ്പത്തിക ശാസ്ത്രജ്ഞർ തുടങ്ങി വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള വ്യക്തിത്വങ്ങളെയാണ് ജനകീയ കമ്മീഷനിലേക്ക് അഥവാ ജനകീയ കമ്മീഷണർ എന്ന പദവിയിലേക്ക് നിർദ്ദേശിക്കേണ്ടത്. പ്രധാനമായും വസ്തുതാന്വേഷണ സമിതികൾക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക, വിഷയവുമായി ബന്ധപ്പെട്ട പഠനങ്ങളും ഗവേഷണങ്ങളും ഏകോപിപ്പിക്കുക, വിവിധ സംസ്ഥാനങ്ങളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട നടക്കുന്ന ജനകീയ കോടതികളിൽ സംബന്ധിക്കുകയും അവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നതൊക്കെയാണ് ജനകീയ കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

**താഴെപറയുന്ന മേഖലകളിൽ പ്രവർത്തിക്കാൻ സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്**

1) വസ്തുതാന്വേഷണ സമിതികൾ രൂപവൽക്കരി ച്ച് കോവിഡ് മഹാ മാരിയുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിട്ട പ്രശ്നങ്ങൾ പ്രാദേശികമായി മനസ്സിലാക്കുവാനും രേഖപ്പെടുത്തുവാനുമായി പ്രവർത്തിക്കാൻ സാമൂഹ്യ സംഘടനകളെയും അവരുടെ കൂട്ടായ്മകളെയും ക്ഷണിക്കുന്നു.

2) കോവിഡ് നിയന്ത്രണങ്ങളുടെ സമയത്ത് പ്രവർത്തിച്ചിരുന്ന ഹെൽപ്പ് ലൈനുകൾ, ഗവേഷകങ്ങളോ പഠനങ്ങളോ നടത്തിയിരുന്ന സംഘടനകൾ എന്നിവയുടെ വിവരങ്ങൾ ഞങ്ങളുമായി പങ്കുവയ്ക്കാമോ? അവരുടെ പഠന റിപ്പോർട്ടുകളും നിരീക്ഷണങ്ങളും വളരെ പ്രധാനപെട്ടതാണ്.

3) നിങ്ങളുടെ നെറ്റ് വർക്കുകൾ, സംഘടനകൾ, സമുദായ കൂട്ടായ്മകൾ തുടങ്ങി കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കാൻ ഇടയുള്ള കൂട്ടായ്മകളുടെ ബന്ധപ്പെടുത്തി അവരെയും ഈ പ്രക്രിയയിൽ പങ്കാളികളാക്കാവുന്നതാണ്.

4) നിങ്ങൾ ഒരു ഗവേഷണവുമായി ബന്ധപ്പെട്ട സംഘടനയുമായി ബന്ധപ്പെട്ടയാളാണോ എന്നാൽ നിങ്ങൾക്കും മേൽപ്പറഞ്ഞ വിഷയങ്ങളിൽ നിങ്ങൾക്കിഷ്ടമുള്ള വിഷയങ്ങളിൽ ഗവേഷണങ്ങൾ സംഘടിപ്പിച്ച് ഈ പ്രോസസ്സിന്റെ ഭാഗമാകാവുന്നതാണ്

**വരൂ ഒന്നിച്ചു നിൽക്കാം**
**ജനകീയ അന്വേഷണങ്ങളിലൂടെ സത്യം പുറത്തു വരട്ടെ**
**സർക്കാരുകൾ ഉത്തരവാദിത്വമുള്ളവരാവട്ടെ**
**ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും നീതി ലഭിക്കട്ടെ**

All India Working Group Public Inquiry Committees/ People's Commission on COVID-19
People's Commission: peoplescommission2021@gmail.com
Public Inquiry Committee: publicinquirycommittee2021@gmail.com